**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2676** **28-02-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായവും ഭൂരഹിത ഭവനരഹിതർക്ക് ഭൂമി ആർജിക്കുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള ധനസഹായവും അനുവദിച്ചു വരുന്നു.<br><br>കൂടാതെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതിയിൽ ഭൂമി വാങ്ങി നൽകുന്നു. ഇത് കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവരുടെ ഭൂമിക്ക് കൈവശരേഖയും നൽകുന്നു. ഭൂമി വിതരണം ചെയ്യുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന വീടും അനുവദിച്ചു നൽകുന്നുണ്ട് |
| (സി) | അതിദരിദ്രരെ കണ്ടെത്താൻ സർക്കാർ നടത്തിയ സർവെ പ്രകാരമുള്ള പട്ടികയിൽ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ? | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

<table>
<tr><th rowspan="2">ക്രമ നം</th><th rowspan="2">പഞ്ചായത്തിന്റെ പേര്</th><th colspan="2">പട്ടികജാതി കുടുംബങ്ങൾ</th><th colspan="2">പട്ടികവർഗ്ഗ കുടുംബങ്ങൾ</th></tr>
<tr><th>ഭൂമി ഇല്ലാത്തവർ</th><th>വീട് ഇല്ലാത്തവർ</th><th>ഭൂമി ഇല്ലാത്തവർ</th><th>വീട് ഇല്ലാത്തവർ</th></tr>
<tr><td>1</td><td>ആനാട്</td><td>70</td><td>65</td><td rowspan="10">ഭൂരഹിതർ ഇല്ല</td><td>-</td></tr>
<tr><td>2</td><td>പനവൂർ</td><td>54</td><td>87</td><td>-</td></tr>
<tr><td>3</td><td>നെല്ലനാട്</td><td>165</td><td>142</td><td>-</td></tr>
<tr><td>4</td><td>പുല്ലമ്പാറ</td><td>68</td><td>118</td><td>-</td></tr>
<tr><td>5</td><td>വാമനപുരം</td><td>32</td><td>56</td><td>-</td></tr>
<tr><td>6</td><td>കല്ലറ</td><td>58</td><td>123</td><td>-</td></tr>
<tr><td>7</td><td>നന്ദിയോട്</td><td>81</td><td>172</td><td>9</td></tr>
<tr><td>8</td><td>പാങ്ങോട്</td><td>128</td><td>190</td><td>16</td></tr>
<tr><td>9</td><td>പെരിങ്ങമല</td><td>119</td><td>147</td><td>44</td></tr>
<tr><td></td><td>ആകെ</td><td>775</td><td>1100</td><td>69</td></tr>
</table>

## അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

| ക്രമ നം | പഞ്ചായത്തിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾ | പട്ടികവർഗ്ഗ കുടുംബങ്ങൾ |
|---|---|---|---|
| 1 | ആനാട് | 6 | - |
| 2 | പനവൂർ | 14 | - |
| 3 | നെല്ലനാട് | 30 | - |
| 4 | പുല്ലമ്പാറ | 25 | 1 |
| 5 | വാമനപുരം | 16 | - |
| 6 | കല്ലറ | 40 | - |
| 7 | നന്ദിയോട് | 29 | - |
| 8 | പാങ്ങോട് | 23 | 3 |
| 9 | പെരിങ്ങമല | 40 | 15 |
| | ആകെ | 223 | 19 |